"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല - പള്ളിക്കൽ ഗ്രാമപഞ്ചായത്ത് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11(1) പ്രകാരം തടസ്സപ്പെടുത്തിയ 2,98,300/- രൂപയുടെ ചെലവ് - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2299/2025/LSGD തീയതി,തിരുവനന്തപുരം, 22-09-2025

---

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 30/08/2018-ലെ PAN/21429/2018-M3(DP) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 30/10/2021-ലെ D.K.S.A 121/PT1/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി 'വൃദ്ധജനങ്ങൾക്ക് പോഷകാഹാരം' (പ്രോജക്ട് നമ്പർ: 61/2008) എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. എന്നാൽ പദ്ധതി സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 2,98,300/- രൂപ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2007-2008 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11.(1) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2) മേൽ ഓഡിറ്റ് പരാമർശം സാധൂകരിക്കുന്നതിലേക്കായി പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28.08.2014-ലെ VII(58)-ാം നമ്പർ അഭ്യർത്ഥന സർക്കാരിന് പരാമർശം (1) പ്രകാരം ലഭ്യമാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ, പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 3,00,000/- രൂപ വികസന ഫണ്ട് വകയിരുത്തി നടപ്പാക്കിയിട്ടുള്ള പട്ടിക ജാതി വിഭാഗത്തിലുള്ള 'വൃദ്ധജനങ്ങൾക്ക് പോഷകാഹാരം' എന്ന പദ്ധതിയ്ക്കായി പെരിങ്ങനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നീതി സ്റ്റോറിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന് ചെലവായ തുകയാണ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയതെന്നും, എന്നാൽ ടി പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളില്ലെന്നും, പട്ടികജാതി വിഭാഗത്തിലുള്ള ആയിരം വൃദ്ധ ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായാണ് ടി ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതെന്നും, വൃദ്ധജനങ്ങൾ നൽകിയ അപേക്ഷകളും അതോടൊപ്പം ഭക്ഷ്യ സാധന കിറ്റ് കൈപ്പറ്റിയതിനുള്ള രസീതും ഹാജരാക്കിയിട്ടുണ്ടെന്നും, എന്നാൽ എന്തൊക്കെ ഇനങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും, കൂടാതെ അഗതി/ആശ്രയ പ്രോജക്ടുകളുടെ ഭാഗമായി മാത്രമേ വികസന ഫണ്ട്/തനത് ഫണ്ട് ഉപയോഗിച്ച് ഭക്ഷ്യധാന്യ വിതരണം തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ ഏറ്റെടുക്കാവു എന്നും മറ്റ് പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ആയത് ഉപേക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ടായിരുന്നുവെങ്കിലും.വൃദ്ധ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുക എന്ന സദുദ്ദേശത്തോടെ നടപ്പാക്കിയതിനാലും ടി പദ്ധതി ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാലും പോഷകാഹാരം വിതരം ചെയ്തതിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലായെന്നും, കൂടാതെ ടി ചെലവ് സാധൂകരിക്കുന്നതിനായുള്ള പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28/08/2014-ലെ VII (58)-ാം നമ്പർ അനുകൂല തീരുമാനം, പത്തനംതിട്ട ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 11/02/2017-ലെ 1-ാം നമ്പർ അനുകൂല തീരുമാനം എന്നിവ പരിഗണിച്ചും ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3) ഓഡിറ്റ് അദാലത്തിലെ തീരുമാനം പരിഗണിച്ചും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശിപാർശ പരിഗണിച്ചും പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11.(1) ന് സാധൂകരണം നൽകുന്നതിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4) മേൽ വസ്തുതകൾ, പള്ളിക്കൽ ഗ്രാമപഞ്ചയാത്തിന്റെ 28/06/2014-ലെ VII(58)-ാം നമ്പർ തീരുമാനം, 01/12/2017-ലെ 1-ാം നമ്പർ ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടേയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടേയും അനുകൂല ശിപാർശകൾ എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. പട്ടികജാതി വിഭാഗത്തല്ലുള്ള വൃദ്ധ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുക എന്ന സദുദ്ദേശത്തോടെ നടപ്പിലാക്കിയതിനാലും, പദ്ധതി ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാലും പോഷകാഹാരം വിതരണം ചെയ്തതിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചയത്തിന്റെ 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11(1) പ്രകാരം തടസ്സപ്പെടുത്തിയ 2,98,300/- (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട

സെക്രട്ടറി, പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

അക്കൗണ്ടന്റ് ജനറൽ (എ&ഇ, ഓഡിറ്റ്) കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-AB1/73/2020-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 23-09-2025 14:48:58

സെക്ഷൻ ഓഫീസർ